**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4050** **20.03.2018 ൽ മറുപടിയ്ക്ക്**

**കശുമാവ് കൃഷി വികസനത്തിനായുള്ള പ്രവർത്തനങ്ങൾ**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.റോജി എം. ജോൺ** | **ശ്രീ. വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി)** |

എ) കശുമാവ് കൃഷി വികസനത്തിനായി കൃഷിവകുപ്പ് നടത്തുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണ്;

ബി) തരിശ് സ്ഥലങ്ങളിലും സർക്കാർ ഓഫീസുകളുടെ പരിസരത്തും കശുമാവ് കൃഷിചെയ്യുന്ന പദ്ധതി ആരംഭിച്ചിട്ടുണ്ടോ;

സി) ഉയരം കുറഞ്ഞ കശുമാവ് കൃഷി ചെയ്യാനായി കൃഷി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

എ) & ബി) & സി) 2017-18 സാമ്പത്തിക വർഷത്തിൽ സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ- കേരള മുഖാന്തിരം മിഷൻ ഫോർ ഇന്റെഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ, രാഷ്ട്രീയ കൃഷി വികാസ് യോജന എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി കശുമാവിന്റെ വിള വിസതൃതി വ്യാപനം നടത്തി വരുന്നു. മിഷൻ ഫോർ ഇന്റെഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ പദ്ധതിയിൽ പുതിയ കൃഷിത്തോട്ടങ്ങളുടെ സ്ഥാപനം എന്ന ഘടകത്തിൽ ഉൾപ്പെടുത്തി 100 ഹെക്ടറിലും, രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതിയിൽ ഉൾപ്പെടുത്തി 1000 ഹെക്ടറിലും (ആലപ്പുഴ, എറണാകുളം ഒഴികെയുള്ള എല്ലാ ജില്ലകളിലും) കശുമാവിന്റെ വിളവിസ്തൃതി വ്യാപനം നടപ്പിലാക്കുവാൻ ലക്ഷ്യമിടുന്നു. ഇതിനായി ഹെക്ടറൊന്നിന് 12,000/- രൂപയാണ് ധനസഹായം നൽകുന്നത്. ഒരു കർഷകന് പരമാവധി 4 ഹെക്ടർ വരെയാണ് ധനസഹായം നൽകുന്നത്.

തരിശ് സ്ഥലങ്ങളിലും സർക്കാർ ഓഫീസുകളുടെ പരിസരത്തും കശുമാവ് കൃഷി ചെയ്യുന്ന പദ്ധതി കൃഷി വകുപ്പിൽ നിലവിലില്ല. കശുമാവ് വിളവിസ്തൃതി വ്യാപന പദ്ധതിയിൽ ഉയരം കുറഞ്ഞ ഇനങ്ങളും ഉൾപ്പെടുന്നുണ്ട്.

എന്നാൽ കൃഷി വകുപ്പിന്റെ കീഴിലുള്ള പ്ലാന്റേഷൻ കോർപ്പറേഷൻ, സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ, ഓയിൽ പാം ഇന്ത്യ എന്നീ

സ്ഥാപനങ്ങളുടെ കീഴിലുള്ള സ്ഥലങ്ങളിൽ കശുമാവ് കൃഷി വ്യാപനത്തിനുള്ള വിപുലമായ പദ്ധതികൾ നടന്നു വരുന്നു.

Mayap

സെക്ഷൻ ഓഫീസർ